No. ANERT-ADM/1/2017-OA2(HRM) 06/07/2018

## ഉപയോഗ ശൂന്യമായ ഫർണീച്ചറുകൾ ലേലം ചെയ്യുന്നത് സംബന്ധിച്ച അറിയിപ്പ്

അനെർട്ട് വക ഉപയോഗ ശൂന്യമായ ഫർണീച്ചറുകൾ 12-07-2018-ന് 11.30 A.M മണിക്ക്, അനെർട്ട്, ഹെഡ്ക്വാർട്ടേഴ്സിൽ വച്ച് പരസ്യമായി ലേലം/ടെണ്ടർ ചെയ്തു വിൽക്കുന്നു.

ക്വട്ടേഷൻ ലഭിക്കേണ്ട അവസാന തീയതി സമയം : 12-07-2018-ന് 11.00 A M മണി

ക്വട്ടേഷൻ തുറക്കുന്ന സമയം : 12-07-2018-ന് 11.30 A M മണി

## പൊതു നിബന്ധനകൾ

1. ഫർണീച്ചറുകൾ 11-07-2018-ാം തീയതി വൈകുന്നേരം 4.00 മണി വരെ പരിശോധിക്കാവുന്നതാണ്.

2. 12-07-2018-ാം തീയതി 11.30 മണിക്ക് ക്വട്ടേഷൻ തുറക്കുന്നതിനു മുമ്പായി പരസ്യമായ ലേലം നടത്തുന്നതും അതിന് ശേഷം ക്വട്ടേഷൻ തുറക്കുന്നതുമാണ്.

3. ടെണ്ടർ/ലേലത്തിൽ പങ്കെടുക്കുന്നവർ 1,000/- (ആയിരം രൂപ) പണമായി നിരത ദ്രവ്യമടച്ച് രസീത് ഒപ്പം നൽകേണ്ടതാണ്. ഇതിന് പലിശ ലഭിക്കുന്നതല്ല. ലേലം കൊള്ളുന്നവരുടെ നിരതദ്രവ്യം (ആദ്യത്തെ 3 ഉയർന്ന തുക ഒഴികെ) കഴിയുന്നത്ര വേഗത്തിൽ തിരിച്ചു നൽകുന്നതാണ്.

4. ഏറ്റവും ഉയർന്ന നിരക്കിൽ ടെണ്ടർ/ലേലം കൊള്ളുന്നവർ നിരതദ്രവ്യം കൂടാതെ ലേല തുക തത്സമയം അടച്ച് രസീത് വാങ്ങേണ്ടതാണ്. ഇങ്ങനെ ചെയ്യാത്ത പക്ഷം രണ്ടാമതായി ഏറ്റവും ഉയർന്ന സംഖ്യ ടെണ്ടർ/ലേലം ചെയ്യുന്ന ആൾക്ക് ലേലം സ്ഥിരപ്പെടുത്താൻ അനെർട്ടിന് അധികാരമുണ്ടായിരിക്കുന്നതാണ്.

5. ടെണ്ടർ /ക്വട്ടേഷൻ സംഖ്യ (GST) ഉൾപ്പെടെ) അക്കത്തിലും അക്ഷരത്തിലും കാണിച്ച് പങ്കെടുക്കുന്ന ആളുടെ പേരും മുഴുവൻ മേൽവിലാസവും പിൻകോഡും സഹിതം നിർദ്ദിഷ്ട ഫാറത്തിൽ പൂർണ്ണ ഒപ്പിട്ട് സമർപ്പിക്കേണ്ടതാണ്.

6. ക്വട്ടേഷൻ/ടെണ്ടറിൽ ഏതെങ്കിലും തിരുത്തലുകൾ വരുത്തിയാൽ യഥാർത്ഥ ലേലക്കാരൻ പൂർണ്ണ ഒപ്പിട്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

7. നിരതദ്രവ്യം രസീതു ഇല്ലാതെയും ടെലഗ്രാം, ഫാക്സ് ഇ-മെയിൽ എന്നിവ വഴിയും ലഭിക്കുന്ന

ടെണ്ടർ/ക്വട്ടേഷനുകൾ പരിഗണിക്കുന്നതല്ല. ആദ്യം ലേലം നടത്തുന്നതും, തുടർന്ന് ക്വട്ടേഷൻ/ടെണ്ടർ പരിശോധിച്ച് കൂടുതൽ തുക ഓഫർ ചെയ്യപ്പെടുന്ന സംഖ്യ സ്വീകരിക്കപ്പെടുന്നതുമാണ്.

8. ലേലം ഉറപ്പിച്ച തീയതി മുതൽ 3 ദിവസത്തിനകം സാധനങ്ങൾ ഓഫീസ് പരിസരത്തിനുള്ളിൽ നിന്നും നീക്കം ചെയ്യേണ്ടതാണ്.

9. ഈ ടെണ്ടർ/ലേല നോട്ടീസുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അന്തിമ തീരുമാനമെടുക്കുവാനുള്ള പൂർണ്ണ അധികാരം നിയമപരമായി അനെർട്ട് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. ഈ ടെണ്ടർ/ലേലം യാതൊരു കാരണമോ, മുന്നറിയിപ്പോ കൂടാതെ നിർത്തിവയ്ക്കുവാനോ, റദ്ദാക്കാനോ ഉള്ള അധികാരം അനെർട്ട് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കുന്നതും ഈ ലേലവുമായി ബന്ധപ്പെട്ട് ഏതെങ്കിലും തർക്കമോ, വ്യവഹാരമോ വരികയാണെങ്കിൽ അത് തിരുവനന്തപുരത്തുള്ള കോടതികളിൽ മാത്രം കൈകാര്യം ചെയ്യപ്പെടുന്നതുമാണ്.

ജനറൽ മാനേജർ